

>> അഭിമുഖം

പാർലമെന്റ് ആക്രമണക്കേസിൽ പ്രതിചേർക്കപ്പെട്ട് ദൽഹി ഹൈക്കോടതി വധശിക്ഷക്ക് വിധിച്ച **എസ്.എ.ആർ ഗീലാനി**, പൗരാവകാശ പ്രവർത്തകരുടെ കഠിനയത്നങ്ങളിലൂടെ കുറ്റവിമുക്തനാക്കപ്പെടുകയുണ്ടായി. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്കുവേണ്ടി പൊതുജീവിതം ഉഴിഞ്ഞുവെച്ച കശ്മീരിലെ ബാരാമുല്ലക്കാരനായ ഗീലാനി ദൽഹി യൂനിവേഴ്സിറ്റിയിലെ അറബിക് പ്രഫസർ ആണ്. ദൽഹിയിലെ ഓഖ്ലക്കടുത്ത സാക്കിർ നഗറിൽ താമസിക്കുന്ന അദ്ദേഹവുമായി **എം. സാജിദ്** നടത്തിയ അഭിമുഖം

# മുസ്ലിം ചെറുപ്പക്കാർ ശത്രുക്കളുടെ ആയുധമാവരുത്

• ഉത്തരേന്ത്യൻ ജയിലുകളിലെ തടവുകാർ മനുഷ്യാവകാശ ലംഘനങ്ങൾക്കും ഭീകരപീഡനങ്ങൾക്കും ഇരയാവുന്നത് പുറംലോകമറിയാതെ പോവുന്നു?

▶ അതിഭീതിതമാണ് പല ജയിലുകളിലെയും അവസ്ഥ. ഒളിപ്പിച്ചു പാർപ്പിക്കപ്പെടുന്ന ധാരാളം തടവുകാരുണ്ട്. അയൽ രാജ്യക്കാരും ഏറെയുണ്ട്. നേപ്പാളിൽ നിന്ന് പിടിക്കപ്പെടുകയും പിന്നീട് ഇന്ത്യക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്ത പാകിസ്താൻകാരും അക്കൂട്ടത്തിലുണ്ട്. എന്റെ ഒരു അനുഭവം പറയാം. പാർലമെന്റാക്രമണക്കേസിൽ കുടുക്കി ജയിലിൽ കഴിയവെ ഒരു ദിവസം എന്നെ കോടതിയിൽ ഹാജരാക്കി. കോടതിക്കുപുറത്തെ ഒറ്റമുറി സെല്ലിൽ ഞാൻ ളുഹ്ർ നമസ്കരിക്കുകയായിരുന്നു. സലാം വീട്ടിയ ഉടൻ ഒരു തടവുകാരൻ (പാകിസ്താനിയാണ്) അടുത്തേക്കുവന്നു. സലാം പറഞ്ഞ് ഉടൻ തന്നെ നന്ദിയും പറഞ്ഞ് ഓടിപ്പോയി. നന്ദി പറഞ്ഞതെന്തിനെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. അയാളെ വിളിച്ചു കാര്യം തിരക്കി. മറുപടി അത്ഭുതകരമായിരുന്നു. 2001 ഒക്ടോബറിലാണ് അയാളെ ജയിലിലടക്കുന്നത്. പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ല. പാർലമെന്റാക്രമണം നടക്കുന്നതിന് തൊട്ടുമുമ്പെ ജയിലധികൃതർ അയാളെ വിളിച്ച് ഒരുകാര്യം ഓർമിപ്പിച്ചിരുന്നു. ആരേയും പ്രതികളായി കിട്ടിയില്ലെങ്കിൽ തന്നെ പ്രതിയാക്കുമെന്ന്. അയാൾക്ക് അങ്ങനെ കിട്ടേണ്ടിയിരുന്ന വധശിക്ഷ ഞാൻ 'ഏറ്റെടുത്തതി'നാണ് എന്നോടയാൾ നന്ദി പറഞ്ഞത്. 2002 ഏപ്രിലിൽ നടന്ന കൊൽക്കത്ത അമേരിക്കൻ സെന്റർ ആക്രമണത്തിന്റെ കുറ്റമാണത്രെ പിന്നീട് അയാൾക്ക് ചാർത്തി നൽകിയത്.

• 'ഭീകരവേട്ട' ഇന്ത്യയിലൊട്ടാകെ ശക്തിയാർജിക്കുകയാണ്?

▶ ഇത് വ്യക്തമായും അമേരിക്കൻ പദ്ധതിയാണ്. സോവിയറ്റ് യൂനിയന്റെ പതനശേഷം അമേരിക്കൻ ആധിപത്യത്തെ ശക്തമായി ചെറുത്തത് ഇസ്ലാം മാത്രമാണ്. മുസ്ലിംകളെ മുഴുവൻ ഭീകരരായി ചിത്രീകരിക്കുക എന്ന ഹീന തന്ത്രമാണ് ഇസ്ലാമിന്റെ ചെറുത്തുനിൽപിനെ നേരിടാൻ അമേരിക്ക പയറ്റുന്നത്.

ഇന്ത്യാ ഗവൺമെന്റും വിശേഷിച്ച് ഇന്റലിജൻസ് ഏജൻസികളും ഇതേ നയമാണ് പിന്തുടരുന്നത്. മുസ്ലിംകൾക്കിടയിൽ ചിലരെങ്കിലും അവിവേകങ്ങൾ ചെയ്യുന്നവരായി ഉണ്ടാകണമെന്ന് ഇത്തര

ക്കാർക്ക് നിർബന്ധമുണ്ട്. യഥാർഥത്തിൽ ഭീകരപ്രവർത്തനങ്ങൾ നടത്തുന്നവർക്കു നേരെ കണ്ണു ചിമ്മുകയും അല്ലാത്തവരെ ഭീകരരാക്കുകയുമാണ് ഇവർ ചെയ്യുന്നത്.

● മീഡിയയുടെ നിലപാടുകളും ഇതിന് സഹായകമാവുന്നു?

▶ അക്ഷരാർഥത്തിൽ മുഖ്യധാരാ മീഡിയ ഈ 'ഭീകരവേട്ട'ക്ക് ചൂട്ടുപിടിക്കുകയാണ്. ഇന്റലിജൻസ് കേന്ദ്രങ്ങൾ നൽകുന്ന വിവരങ്ങൾ അപ്പാടെ വിഴുങ്ങുകയും എരിവിന് പുതിയ കഥകൾ മെനയുകയുമാണവർ ചെയ്യുന്നത്. ഒരാളുടെ കുറ്റം തെളിയിക്കപ്പെടുന്നതുവരെ അയാൾ നിരപരാധിയാണെന്നാണ് നിയമഭാഷ്യം. എന്നാൽ യു.പിയിലെ മുഹമ്മദ് അഫ്താബിന്റെയും ഹുബ്ലി സംഭവത്തിലെയും അവസ്ഥകൾ നോക്കൂ. നിറം പിടിപ്പിച്ച കഥകൾ മാത്രമാണ് മീഡിയ പുറത്തുവിട്ടത്. ഒരു വിഭാഗത്തിന് ആസൂത്രിതമായി നീതിനിഷേധിക്കുകയാണ്. ഹൈദരാബാദ് സ്ഫോടനത്തിന്റെ പേരിൽ പിടിക്കപ്പെട്ട നാസിറിന്റെ കുടുംബം പറയുന്നത്, സുഊദിയിൽ നിന്ന് ലീവിലെത്തിയ ഇയാളെ ഉടൻ പോലീസ് പൊക്കുകയായിരുന്നു എന്നാണ്. എന്നാൽ ഈ വശം ഒരു മീഡിയയും പറഞ്ഞില്ല. മുൻധാരണകളോടെയാണ് ഓരോ സംഭവത്തിലും മീഡിയ ഇടപെടൽ നടത്തുന്നത്. ഫലത്തിൽ അമേരിക്കൻ അജണ്ടകളാണ് ഇന്ത്യയിലെ മുഖ്യധാരാ മീഡിയ നടപ്പാക്കുന്നത്.

● 'ഭീകരവേട്ട' ഇപ്പോൾ ദക്ഷിണേന്ത്യയിലേക്കും വ്യാപിക്കുകയാണ്?

▶ ഉത്തരേന്ത്യയിൽ നിന്ന് ഫോക്കസ് ഇപ്പോൾ ദക്ഷിണേന്ത്യയിലേക്ക് കടന്നിരിക്കുകയാണ്. ദക്ഷിണേന്ത്യൻ മുസ്‌ലിംകൾ ക്ഷേമത്തിലാണെന്നാണ് പൊതുവെയുള്ള ധാരണ. ദക്ഷിണേന്ത്യയിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരാണ് പുതിയ ടാർഗറ്റ്. ഇതിനുപിന്നിൽ ശക്തമായ ഒരു ഗൂഢോദ്ദേശ്യമുണ്ട്. ഉത്തരേന്ത്യയിലെ അസംതൃപ്തരും നിരക്ഷരരുമായ മുസ്‌ലിം ചെറുപ്പക്കാരുടെ അവിവേകമെന്നതിനപ്പുറം ഇസ്‌ലാമിന്റെ സഹജഭാവം തന്നെയാണ് ഭീകരത എന്ന് തെളിയിക്കാനാണ് അഭ്യസ്തവിദ്യരെ ലക്ഷ്യമിടുന്നത്.

● ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇത്തരം വെല്ലുവിളികളെ ക്രിയാത്മകമായി അഭിമുഖീകരിക്കാനാവുന്നില്ല?

▶ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളും മർദിത വിഭാഗങ്ങളും ഐക്യപ്പെടണം. വർഗീയ മനസ്സില്ലാത്ത വ്യക്തികളും സംഘങ്ങളുമായി കൈകോർത്ത് അവകാശപ്പോരാട്ടം നടത്താൻ മുസ്‌ലിംകൾക്കാവണം.

എന്നാൽ സൂക്ഷ്മശ്രദ്ധ വേണ്ടൊരു കാര്യം കൂടിയാണിത്. മുസ്‌ലിംകളുടെ വേദനകൾ കച്ചവടം ചെയ്യാൻ മുതിരുന്ന ഒരു പാട് എൻ.ജി.ഒകൾ ഉണ്ട്. ധനവും പ്രശസ്തിയും മോഹിച്ച് ഗുജറാത്തിൽ പോലും ഇത്തരക്കാർ വന്നിരുന്നു. ഗൂഢമായ അജണ്ടകളോടെ മുസ്‌ലിംകളിലേക്ക് നുഴഞ്ഞുകയറാനുള്ള പദ്ധതി പല എൻ.ജി.ഒകൾക്കുമുണ്ട്.

മതേതര കക്ഷികളിലെ മുസ്‌ലിം നേതാക്കൾ സമുദായത്തിന്റെ ന്യായമായ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാൻ മടി കാണിക്കുന്നുണ്ട്. അവരുടെ മതേതര പ്രതിച്ഛായ തകരുമെന്ന ഭീതിയിൽ സമുദായ വിരുദ്ധമായും ചിലപ്പോൾ അവർ പെരുമാറാറുണ്ട്. ഇത്തരക്കാരെ തിരിച്ചറിഞ്ഞ് അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കി മാറ്റാൻ സമൂഹം ശ്രദ്ധ ചെലു



**ഉത്തരേന്ത്യയിൽ നിന്ന് ഫോക്കസ് ഇപ്പോൾ ദക്ഷിണേന്ത്യയിലേക്ക് കടന്നിരിക്കുകയാണ്. ദക്ഷിണേന്ത്യൻ മുസ്‌ലിംകൾ ക്ഷേമത്തിലാണെന്നാണ് പൊതുവെയുള്ള ധാരണ. ദക്ഷിണേന്ത്യയിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരാണ് പുതിയ ടാർഗറ്റ്. ഇതിനുപിന്നിൽ ശക്തമായ ഒരു ഗൂഢോദ്ദേശ്യമുണ്ട്. ഉത്തരേന്ത്യയിലെ അസംതൃപ്തരും നിരക്ഷരരുമായ മുസ്‌ലിം ചെറുപ്പക്കാരുടെ അവിവേകമെന്നതിനപ്പുറം ഇസ്‌ലാമിന്റെ സഹജഭാവം തന്നെയാണ് ഭീകരത എന്ന് തെളിയിക്കാനാണ് അഭ്യസ്തവിദ്യരെ ലക്ഷ്യമിടുന്നത്.**

ത്തണം.

● ഇന്നത്തെ ഇന്ത്യനവസ്ഥയിൽ മുസ്‌ലിംകൾ ചെയ്തുകൂടാത്തത്?

▶ മുസ്‌ലിം യുവാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. അവർ പോലും അറിയാതെ അവരെക്കൊണ്ട് ഭീകരപ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്ന പണിയാണ് ഇന്റലിജൻസ് ഏജൻസികൾ നടത്തുന്നത്. മുസ്‌ലിം സമുദായത്തിലെ ചിലരെങ്കിലും ഇത്തരം അവിവേകം ചെയ്യുന്നവരായി നിലനിൽക്കണമെന്നാണ് അവരുടെ ആഗ്രഹം. കാര്യങ്ങൾ യഥാവിധി മനസ്സിലാക്കാതെ അക്രമപ്രവർത്തനങ്ങൾക്ക് ഇറങ്ങിപ്പുറപ്പെടുന്നവർ ഇസ്‌ലാമിന്റെ ശത്രുക്കളുടെ കൈയിലെ കേവല ഉപകരണങ്ങളാവുകയാണെന്ന കാര്യം മറക്കരുത്.

ഇതിനർഥം മിണ്ടാതിരിക്കണമെന്നല്ല. ജനാധിപത്യ മാർഗങ്ങൾ ഉപയോഗപ്പെടുത്തി നമ്മുടെ പരാതികൾ പൊതുസമൂഹത്തെ അറിയിക്കണം. യോജിച്ച മുന്നേറ്റങ്ങൾ ഇതിനായി ഉണ്ടാവണം. സാമുദായികമായ ആവശ്യങ്ങളല്ല, മറിച്ച് ഭരണഘടന ഉറപ്പുനൽകിയ അവകാശങ്ങൾ മാത്രമാണ് നാം ചോദിക്കുന്നതെന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ കഴിയണം.

● താങ്കൾ അന്യായമായി ജയിലിലടക്കപ്പെട്ടപ്പോൾ രാഷ്ട്രീയനേതാക്കളുടെ പ്രതികരണം എങ്ങനെയായിരുന്നു?

▶ പല രാഷ്ട്രീയ നേതാക്കൾക്കും ഞാൻ നിരപരാധിയാണെന്ന് അറിയാമായിരുന്നു. എന്നാൽ ദേശീയ സുരക്ഷയുടെ പ്രശ്നമായതിനാൽ ഒന്നും ചെയ്യാനൊക്കില്ല എന്നാണ് പലരും അറിയിച്ചത്.

സംഘ്പരിവാർ സംഘടനകൾ എനിക്കെതിരെ ശക്തമായ പ്രചാരണമാണ് നടത്തിയത്. 'പോട്ട' ചുട്ടെടുത്തത് അക്കാലത്താണ്. 'പോട്ടയില്ലെങ്കിൽ എങ്ങനെ ഗീലാനിയെപ്പിടിക്കും?' എന്നാണ് അന്നത്തെ ആഭ്യന്തരമന്ത്രിയായ എൽ.കെ അദ്വാനി ചോദിച്ചത്.

● മാധ്യമങ്ങൾ താങ്കളോട് നീതി കാണിച്ചോ?

▶ നേരത്തെ സൂചിപ്പിച്ചതുപോലെ, മാധ്യമങ്ങൾ 'എന്നെ'യും ആഘോഷിച്ചു. സർക്കാർ വിശദീകരണങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള അപസർപ്പക കഥകൾ ദിവസങ്ങളോളം തുടർന്നു. റസാ മുറാദിന്റെ എനിക്കെതിരെയുള്ള ഒരു സിനിമ തന്നെ *സീടിവി* പ്രദർശിപ്പിച്ചു. ഇന്ത്യയി

ലെ ഭീകരവാദത്തിന്റെ മാസ്റ്റർ മൈന്റായി എന്നെ ചിത്രീകരിക്കുന്ന ആ സിനിമയുടെ ആദ്യ പ്രദർശനങ്ങൾ പ്രധാനമന്ത്രി വാജ്പേയിയുടെയും ആഭ്യന്തരമന്ത്രി എൽ.കെ അദ്വാനിയുടെയും വസതികളിലാണ് നടന്നത്. ഞങ്ങളുടെ ഹരജി പരിഗണിച്ച് ദൽഹി ഹൈക്കോടതി സിനിമയുടെ പ്രദർശനം സ്റ്റേ ചെയ്തെങ്കിലും സുപ്രീംകോടതി അനുമതി നൽകുകയായിരുന്നു.

● കുറ്റവിമുക്തനാക്കിയപ്പോഴും കോടതി താങ്കളോട് നീതി ചെയ്തില്ല?

▶ എനിക്കെതിരെ പരോക്ഷമായിപ്പോലും തെളിവില്ല എന്നുപറഞ്ഞാണ് ഹൈക്കോടതി കുറ്റവിമുക്തനാക്കിയത്. സുപ്രീംകോടതിക്കും തെളിവൊന്നുമുണ്ടായിരുന്നില്ല. എങ്കിലും 'സംശയത്തിന്റെ സൂചിമുനകൾ ഗീലാനിക്കുനേരെ നീണ്ടു നിൽക്കുന്നു' എന്ന അടിക്കുറിപ്പോടെയാണ് സുപ്രീം കോടതി എന്നെ വെറുതെ വിട്ടത്.

എനിക്കെതിരെ പ്രോസിക്യൂഷൻ ആകെപ്പാടെ ഉന്നയിച്ച തെളിവ് ഒരു ഫോൺ സംഭാഷണത്തിന്റെ ടേപ്പാണ്. ആ സംഭാഷണത്തിൽ ദൽഹിയിൽ നടന്ന കാര്യങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ ഞാൻ ചിരിച്ചു എന്നതാണ് എന്നെ ഭീകരവാദത്തിന്റെ ഹോൾസെയിൽ ഏജന്റാക്കാൻ കണ്ടെത്തിയ മഹാതെളിവ്! സുപ്രീംകോടതി ആ ടേപ്പ് കേൾക്കുകപോലും ചെയ്തിരുന്നില്ല എന്നതാണ് വസ്തുത. ഹൈക്കോടതിയിൽ കേൾപ്പിച്ച ടേപ്പിനെക്കുറിച്ച് വിധിയിൽ പറഞ്ഞത് പരിസരശബ്ദം കാരണം അത് വ്യക്തമല്ല എന്നായിരുന്നു.

കുറ്റവിമുക്തനാക്കപ്പെട്ട ശേഷം പല മീഡിയക്കാരും എന്റെയടുത്ത് വന്നു. പക്ഷേ അവരെന്നെക്കുറിച്ച് നേരത്തെ ഉണ്ടാക്കിയെടുത്ത ചിത്രം തന്നെയാണ് ഇപ്പോഴും പൊതുജനത്തിന്റെ മനസ്സിലുള്ളത്. 'ഫ്രീപ്രസ്' പോലുള്ള ചുരുക്കം ചില ദേശീയമാധ്യമങ്ങൾ മാത്രമേ നീതിപൂർവകമായി എന്റെ കേസ് റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

● പിന്നീട് താങ്കൾക്കുനേരെ വധശ്രമം ഉണ്ടായി?

▶ ചില കോടതി കാര്യങ്ങൾ ചർച്ചചെയ്യാൻ പോയ എന്നെ അഭിഭാഷകയുടെ വീടിനു മുമ്പിൽ വെച്ച് വെടിവെച്ച് കൊല്ലാൻ ശ്രമിച്ചു. അത് നടത്തിയവർ ആരാണെന്നത് പകൽവെളിച്ചം പോലെ വ്യക്തമാണ്. പക്ഷേ ഇപ്പോഴും അതിന്റെ അന്വേഷണം തുടർന്നുകൊണ്ടിരിക്കുകയാണ്!

ആറ് വെടിയുണ്ടകളാണ് എനിക്കുനേരെ വന്നത്. രണ്ടെണ്ണം ശരീരത്തോട് ചേർന്ന് കടന്നുപോയി. ഒന്ന് ഞാൻ തന്നെ പറിച്ചെടുത്തു. ബാക്കിയുള്ള മൂന്ന് വെടിയുണ്ടകൾ ഇപ്പോഴും എന്റെ ശരീരത്തിലുണ്ട്. നെഞ്ചിന്റെ ഇരുവശങ്ങളിലുമായി ഓരോന്നും ഒന്ന് പുറത്തും. ആന്തരികാവയവങ്ങൾ മിക്കവാറും തകർന്നിരുന്ന എന്റെ ജീവൻ നിലനിൽക്കാനുള്ള സാധ്യത ഡോക്ടർമാർ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. 12 മണിക്കൂർ നീണ്ട സർജറിയിൽ വെടിയുണ്ടകൾ നീക്കം ചെയ്യാതെ മറ്റവയവങ്ങളുടെ കേടുപാടുകൾ തീർക്കാനാണ് അവർ മുൻഗണന നൽകിയത്. അൽഹംദുലില്ലാഹ്, ദൈവാനുഗ്രഹത്താൽ ഞാൻ തിരിച്ചുവരികയായിരുന്നു. ഹൃദയത്തോട് ചേർന്നുകിടക്കുന്ന ഒരു വെടിയുണ്ട നീക്കംചെയ്യാൻ ഇപ്പോഴും ഡോക്ടർമാർ ധൈര്യം കാണിക്കുന്നില്ല.

ശരീരത്തിന് ഇപ്പോഴും പ്രയാസങ്ങളുണ്ട്. ജയിലിൽ വെച്ച് നടത്തിയ മൂന്നാംമുറ അതികഠിനമായിരുന്നു. കുറ്റം സമ്മതിക്കാൻ വേണ്ടി അവരെന്നോട് നടത്തിയത് മുഴുവൻ പറഞ്ഞാൽ ഞാനെങ്ങനെ ഇപ്പോഴും ജീവനോടെ നിൽക്കുന്നു എന്ന് താങ്കൾ അത്ഭുതം കൂറിയേക്കും. ഒന്നും എഴുതാനോ ഒരൊപ്പിടാൻ പോലുമോ കഴിയാത്ത അവസ്ഥയാണ് പലപ്പോഴുമുള്ളത്.

കുറ്റം സമ്മതിക്കാത്തതിനാൽ അവരെന്റെ ഭാര്യയെയും മക്കളെയും തട്ടിക്കൊണ്ടുപോവുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു.

● താങ്കളുടെ സഹപ്രവർത്തകരുടെ നിലപാടും പ്രതികരണവും എങ്ങനെയായിരുന്നു?

▶ അവർ എനിക്ക് മികച്ച പിന്തുണ നൽകി. ദൽഹി യൂനിവേഴ്സിറ്റിയിലെ അധ്യാപകർ മുൻകൈയെടുത്ത് 'ഗീലാനി ഡിഫൻസ് കമ്മിറ്റി' രൂപീകരിച്ച് പ്രവർത്തിച്ചു. എനിക്ക് വെടിയേറ്റ ദിവസം ദൽഹി യൂനിവേഴ്സിറ്റിയിലെ മുഴുവൻ കോളേജുകളും അടച്ചിട്ട് പ്രതിഷേധിച്ചു. ജെ.എൻ.യുവും അതിൽ പങ്കുചേർന്നു.

● എന്തുകൊണ്ട് താങ്കൾ തന്നെ ഈ കേസിൽ ബലിയാടാക്കപ്പെട്ടു?

▶ 1991-ൽ എം.എ വിദ്യാർഥി ആയാണ് ഞാൻ ആദ്യമായി ദൽഹിയിലെത്തുന്നത്. എം.എ അറബിക്കിൽ ദൽഹി യൂനിവേഴ്സിറ്റിയുടെ ഗോൾഡ് മെഡൽ നേടിയ ശേഷം എം.ഫിലും പി.എച്ച്.ഡിയും പൂർത്തിയാക്കിയതും അവിടെ തന്നെയായിരുന്നു. 1997-ൽ ഇതേ യൂനിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രഫസറായി പ്രവേശിച്ചു.

മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ ഞാൻ വളരെ സജീവമായി പങ്കുകൊണ്ടിരുന്നു. ബാബരി ധ്വംസനശേഷം ദൽഹിയിലുണ്ടായ കലാപവേളയിലും ഗുജറാത്ത് ഭൂകമ്പസമയത്തും ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചിട്ടുണ്ട്. അതിലെല്ലാമുപരി, കശ്മീരിലെ അതിക്രമങ്ങളെക്കുറിച്ച് ഞാൻ നടത്തിയ സെമിനാറുകളും ഫോട്ടോ പ്രദർശനങ്ങളും മറ്റുമാണ് ഈ കേസിൽ ബലിയാടാക്കപ്പെടാനുണ്ടായ പ്രധാന കാരണം എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

● ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങളും ഇടപെടലുകളും?

▶ 2003 ഒക്ടോബർ 23-ന് ജയിൽ മോചിതനാവുമ്പോൾ തന്നെ നിയമവിരുദ്ധമായി തടവിലാക്കപ്പെട്ടവരുടെയും ജയിൽ വാസികളുടെയും അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ഞാൻ പ്രഖ്യാപിച്ചിരുന്നു. Society for the protection of detainees' & prisonsers' rights എന്ന വേദി 2004-ലാണ് രൂപീകരിച്ചത്. പ്രശസ്ത നാടകപ്രവർത്തകനായ ഗുർഷരൺ സിംഗ്, അഡ്വ. ദശരഥ്, റോണ വിൽസൺ, മയൂരി, ജാനകി, വി.കെ ജോസ്, ജിതേന്ദർ സിംഗ് തുടങ്ങിയവർ ഇതിന്റെ മുൻനിരയിലുണ്ട്. പഞ്ചാബ്, കശ്മീർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ധാരാളം ബോധവത്കരണ പരിപാടികൾ ഞങ്ങൾ നടത്തിയിരുന്നു. തടവുകാർക്ക് നിയമസഹായം ലഭ്യമാക്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അവരുടെ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേകം ഏർപ്പാടുകൾ ചെയ്യുന്നു. കഴിഞ്ഞ തണുപ്പുകാലത്ത് തീഹാർ ജയിലിലെ ധാരാളം തടവുകാർക്ക് കമ്പിളിപ്പുതപ്പുകൾ എത്തിക്കാൻ ഞങ്ങൾക്ക് സാധിച്ചു. ജമാഅത്തെ ഇസ്‌ലാമി ഇക്കാര്യത്തിൽ സഹായിച്ചത് നന്ദിപൂർവം ഓർക്കുകയാണ്.

ഇതിനുപുറമെ കഴിഞ്ഞ മാർച്ച് 30,31 തീയതികളിൽ ദൽഹിയിൽ പ്രഖ്യാപനം നടത്തപ്പെട്ട പുതിയ വേദിയാണ് Committee for the release of political prisoners. അരുന്ധതി റോയ്, രജീന്ദർ സച്ചാർ തുടങ്ങിയ പ്രമുഖർ ഇതിന്റെ ആദ്യ യോഗങ്ങളിൽ തന്നെ പങ്കെടുത്തിരുന്നു. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷൻ പ്രഫ. സിദ്ദീഖ് ഹസൻ സമിതിയുടെ രക്ഷാധികാരികളിൽ ഒരാളാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ മുഴുവൻ പോരാളികളുടെയും ഒരു പൊതുവേദിയായി ഇത് മാറുമെന്നാണ് പ്രതീക്ഷ. ■